**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1563** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികമുറ ആധുനികീകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആധുനിക സംവിധാനങ്ങളുടെ സഹായം ഉറപ്പാക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | കാർഷികമുറ ആധുനീകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആധുനിക സംവിധാനങ്ങളുടെ സഹായം ഉറപ്പാക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന 15 പദ്ധതികളുടെ (പൂർത്തിയായവ-3, നടന്നു കൊണ്ടിരിക്കുന്നവ-12) അവലോകനം അതതു മാസങ്ങളിൽ നടത്തിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുള്ള പദ്ധതികളുടെ സാങ്കേതിക തടസ്സങ്ങൾ നീക്കി അവ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ; | (ബി) | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുള്ള പദ്ധതികളുടെ സാങ്കേതിക തടസ്സങ്ങൾ നീക്കി അവ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൃഷി വകുപ്പിലെ മിക്ക പദ്ധതികളും പരിപാടികളും വിളക്രമം അടിസ്ഥാനമാക്കിയുള്ളതായതിനാൽ സമയക്രമം പാലിച്ചു പൂർത്തീകരിക്കുന്നവയാണ്. കൃത്യമായ ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്താറുണ്ട്. ഇത്തരത്തിലുള്ള അവലോകന യോഗങ്ങളിൽ പദ്ധതികളുടെ നടത്തിപ്പിൽ ഉയർന്നു വരുന്ന സാങ്കേതിക തടസങ്ങൾ ഉന്നയിക്കുകയും അവയെ നീക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനത്തിന്റെ ഫലമായുണ്ടാകുന്ന പലവിധ പ്രതിസന്ധികളും കണക്കിലെടുത്ത് സംസ്ഥാനത്തെ കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിനായി കാർഷിക കലണ്ടറിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | കേരളത്തിലെ മണ്ണിന്റെയും, കാലാവസ്ഥയുടെയും, ഭൂപ്രകൃതിയുടെയും, പാരിസ്ഥിതികമായ പ്രത്യേകതകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ കാർഷികമേഖലകളായി തരം തിരിച്ച് ഓരോ മേഖലയിലും ഏറ്റവും അനുയോജ്യമായ കൃഷി രീതികളെ കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇത് പ്രകാരം കേരളത്തിലെ കാർഷിക മേഖലയെ കാലാവസ്ഥ, ഭൂപ്രകൃതി, ഭൂവിനിയോഗം, മണ്ണിന്റെ വൈവിധ്യം എന്നിവയെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനമാക്കി 5 അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ AEZ (കാർഷിക പാരിസ്ഥിതിക മേഖല) ആയി വിഭജിച്ചിട്ടുണ്ട്. ഓരോ കാർഷിക പാരിസ്ഥിതിക മേഖലയെയും (AEZ) വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായി (AEU) വിഭജിച്ചിട്ടുണ്ട്. അങ്ങനെ 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളാണ് സംസ്ഥാനത്ത് ഉള്ളത്. നിലവിൽ വിള അടിസ്ഥാനമാക്കി നടപ്പിലാക്കുന്ന പദ്ധതികളെല്ലാം കാർഷിക പാരിസ്ഥിതിക യൂണിറ്റുകളുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കാലാവസ്ഥാ വ്യതിയാനം കാരണം ഉണ്ടായ ദുരന്തങ്ങൾ കണക്കിലെടുത്തുകൊണ്ടും കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെ തുടർന്ന് മേഖലയുടെ കാർഷിക പുനർനിർമ്മാണത്തിനായാണ് ഇത്തരത്തിലൊരു നടപടി.<br><br>സംസ്ഥാനത്തു 14-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് നടത്തിയ വർക്ക്ഷോപ്പായ 'കൃഷി ഗീതയിൽ' കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും എന്ന വിഷയത്തെ കുറിച്ചുള്ള ചർച്ചകൾ നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി കാർഷിക കലണ്ടറിൽ മാറ്റം വരുത്തുന്നതിനെ കുറിച്ചുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (ഡി) | കൃഷി ലാഭകരമാക്കുന്നതിനും ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനും ശാസ്ത്രീയമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉന്നമനത്തിനും അതിനോടൊപ്പം കർഷകരുടെ വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. കാർഷിക വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജന വിളകൾ, പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിള വിസ്തൃതി വർദ്ധനവും വികസനവും എന്ന സമീപനത്തിൽ ഉൾപ്പെടുത്തി 252.12 കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്തു നടപ്പിലാക്കി വരുന്നു.<br>കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി |

| | | | |
|---|---|---|---|
| | | | കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന പദ്ധതികൾ ഈ വർഷം മുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഒരോ കർഷകന്റെയും കൃഷിയിടം മണ്ണ്, ജലം, മൂലധനം, മറ്റ് വിഭവസ്രോതസ്സുകൾ, സംയോജിപ്പിക്കാവുന്ന സംരംഭങ്ങൾ, ജൈവ പുന:ചംക്രമണം (Bio- recycling) ഉൽപന്ന വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവും ഉൾപ്പെടെ എല്ലാ സാധ്യമായ ഘടകങ്ങളേയും യോജിപ്പിച്ച് പരമാവധി ഉൽപ്പാദനം സാധ്യമാക്കുന്ന തരത്തിൽ ഒരു ആസൂത്രണ രേഖ സൃഷ്ടിച്ചെടുത്തു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ ശാസ്ത്രീയ കൃഷി മുറകൾ കർഷകരിലെത്തിക്കുന്നതിനുള്ള ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>ശാസ്ത്രീയ കൃഷി രീതികളെ കുറിച്ചുള്ള അവബോധം കർഷകരിൽ സൃഷ്ടിക്കുവാനും ഇത്തരത്തിലുള്ള മുറകൾ പ്രോത്സാഹിപ്പിക്കുവാനും പ്രത്യേകം കാർഷിക വിജ്ഞാന വ്യാപന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും മികച്ച പരമ്പരാഗത വിദ്യകളും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പുതിയ സാങ്കേതികവിദ്യകളും ഫീൽഡ് തല പ്രദർശനങ്ങളിലൂടെ ജനകീയമാക്കുന്നതിനു ലക്ഷ്യമിടുന്ന 'കൃഷി പാഠശാല', കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന സ്ഥാപനത്തിലൂടെ നടപ്പാക്കുന്ന 'കാർഷിക വിവരവും വിനിമയവും, മാനവശേഷി വികസനം' എന്നീ പദ്ധതികൾ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കാർഷികമുറ ആധുനീകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആധുനിക സംവിധാനങ്ങളുടെ സഹായം ഉറപ്പാക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ:

| ക്രമ നമ്പർ | പദ്ധതി | കാലാവധി | ഭരണാനുമതി (കോടി) | വിനിയോഗം (കോടി) | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | സംയോജിത കൃഷി ഫാം പരിപാലനം-സമഗ്രവികസനം-DAF നേര്യമംഗലം, എറണാകുളം | 3 വർഷം | 10 | 3 | പദ്ധതി പുരോഗമിക്കുന്നു |
| 2 | ചെങ്ങന്നൂർ സമൃദ്ധി-തരിശുരഹിത ചെങ്ങന്നൂർ | 2 വർഷം | 10 | 4 | പദ്ധതി പുരോഗമിക്കുന്നു |
| 3 | കുട്ടനാട്നെൽ കൃഷി ആവാസ വ്യവസ്ഥ-സുസ്ഥിരവികസനം | 2 വർഷം | 2.91 | 1.55 | പദ്ധതി പുരോഗമിക്കുന്നു |
| 4 | പാമ്പൂരിച്ചാൽ പാടശേഖരം, രാമമംഗലം പഞ്ചായത്ത്-അടിസ്ഥാന സൌകര്യ വികസനം | 2 വർഷം | 5 | 2.006 | പദ്ധതി പുരോഗമിക്കുന്നു |
| 5 | തൃശ്ശൂർ-പൊന്നാനി കോൾ പ്രദേശം- പ്രളയം-വരൾ ച്ച എന്നിവയെ തരണം ചെയ്യുവാനുള്ള അടിസ്ഥാന സൗകര്യ വികസനം | 5 വർഷം | 298.38 | 49.34 | പദ്ധതി പുരോഗമിക്കുന്നു |
| 6 | മണ്ണുത്തിയിലെ സംസ്ഥാന ബയോകോൺട്രോൾ ലബോറട്ടറി വിപുലീകരണം | 2 വർഷം | 27.41 | 0.034 | പദ്ധതി പുരോഗമിക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 7 | മലബാർ കാർഷിക മേഖലയിലെ കർഷകർക്ക് ദൈനം ദിന കാർഷിക വികസന പ്രവർത്തന സേവനം ഉറപ്പുവരുത്തുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും ശാക്തീകരണം-"മലബാർ പ്രത്യേക കാർഷിക ദൗത്യ സംഘം" (MASTT) | 2 വർഷം | 5 | 5 | പൂർത്തീകരിച്ചു |
| 8 | പ്രളയം/ഉരുൾപൊട്ടൽ ബാധിച്ച പ്രദേശങ്ങളുടെ പാരിസ്ഥിതിക പുനരുദ്ധാരണം | 3 വർഷം | 60.94 | 31.81 | പദ്ധതി പുരോഗമിക്കുന്നു |
| 9 | യന്ത്രവൽക്കരണം, നെല്ല് വിത്തുസംരക്ഷണം, ജൈവ വൈവിധ്യാധിഷ്ഠിത കൃഷി എന്നിവയിലൂടെ വടക്കൻ കേരളത്തിലെ ജൈവ നെല്ലറയായ കയ്പാട്കൃഷിയുടെ സമഗ്ര വികസനം | 3 വർഷം | 3 | 1.16 | പദ്ധതി പുരോഗമിക്കുന്നു |
| 10 | സുസ്ഥിര കൃഷി, മൂല്യവർധനം, വിപണനം വഴി, അതിരപ്പിള്ളി പഞ്ചായത്തിലെ, ആദിവാസി വിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതി | 3 വർഷം | 7.917 | 3.43 | പദ്ധതി പുരോഗമിക്കുന്നു |
| 11 | അട്ടപ്പാടിആദിവാസി-സമഗ്രസുസ്ഥിരകാർഷികവികസനപദ്ധതി | 3 വർഷം | 7.99 | 4.95 | പദ്ധതി പുരോഗമിക്കുന്നു |
| 12 | ഇടുക്കി, വയനാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സംയോജിത കൃഷിയിലൂടെ ഉപജീവനം മെച്ചപ്പെടുത്തൽ-ജൈവഗൃഹം | 2 വർഷം | 50 | 49.99 | പൂർത്തീകരിച്ചു |

| | | | | | |
|---|---|---|---|---|---|
| 13 | പച്ചക്കറികൾക്കും പുഷ്പവിളകൾക്കും വേണ്ടിയുള്ള മികവിന്റെ കേന്ദ്രം – അമ്പലവയൽ, വയനാട് . | 3 വർഷം | 5.5 | 0.95 | പദ്ധതി പുരോഗമിക്കുന്നു |
| 14 | കേരളത്തിലെ വിപണന. ശ്രൃംഘലയുടെ ശാക്തീകരണം | 3 വർഷം | 15 | 8.21 | പദ്ധതി പുരോഗമിക്കുന്നു |
| 15 | കൃഷി വകുപ്പിൽ ഇ–ഗവർണൻസ് ശക്തിപ്പെടുത്തൽ | 1 വർഷം | 12 | 12 | പൂർത്തീകരിച്ചു |
| | **ആകെ** | | **521.05** | **177.43** | |